# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2181 11.06.2018 - ൽ മറുപടിക്ക്

**ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർക്ക് പരിശീലനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | പുതിയ രോഗങ്ങൾ കണ്ടുവരുന്ന കാലത്ത് ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർക്ക് നൽകുന്ന പരിശീലന രീതിയിൽ കാലോചിതമായ പരിഷ്കാരം ആലോചിക്കുന്നുണ്ടോ; | എ) | ഉണ്ട്. |
| ബി) | അത്തരത്തിൽ ആധുനിക രീതിയിലുള്ള പരിശീലനം നിലവിൽ നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ? | ബി) | ഉണ്ട്. കേരളത്തിൽ കൂടുതലായി കണ്ടുവരുന്ന പ്രമേഹം, ബി.പി, വിവിധതരം ക്യാൻസർ തുടങ്ങിയവയെക്കുറിച്ചും, പുതിയതരം പകർച്ചവ്യാധി രോഗങ്ങളായ എച്ച്1 എൻ1, സ്ക്രബ് ടൈഫസ്, കാലാ ആസാർ, ജപ്പാൻ ജ്വരം തുടങ്ങിയ രോഗങ്ങളെക്കുറിച്ചും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ ബ്ലോക്ക്/ ജില്ലാതല മീറ്റിങ്ങുകളിൽ പുതിയതരം രോഗങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ ഉൾപ്പെടുത്താറുണ്ട്. ആരോഗ്യ വകുപ്പിന്റെ തിരുവനന്തപുരം, കോഴിക്കോട് പരിശീലന കേന്ദ്രങ്ങളിൽ ഓരോ വർഷവും പുതിയ പരിശീലനപരിപാടികൾക്ക് രൂപം നൽകുമ്പോൾ പുതിയതായി കണ്ടുവരുന്ന രോഗങ്ങൾകൂടി ഉൾപ്പെടുത്തി ഫീൽഡ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകാറുണ്ട്. |

Milan

സെക്ഷൻ ഓഫീസർ